**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 668** **30-01-2024 - ൽ മറുപടിയ്ക്ക്**

**കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിർമ്മിക്കുന്ന ഉല്പന്നങ്ങൾക്ക് കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | **കേരളത്തിൽ നിർമിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും ദേശീയ, അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് അവയെ സഹായിക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കേരള ബ്രാൻഡ്. പദ്ധതിയുടെ പൊതുവായ മാനദണ്ഡങ്ങൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ആദ്യ ഘട്ടമായി കേരളാ ബ്രാൻഡ് നൽകുന്നതിന് വെളിച്ചെണ്ണയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. കേരളാ ബ്രാൻഡ് ലഭിക്കുന്നതിനായി വെളിച്ചെണ്ണ നിർമ്മാണ സ്ഥാപനങ്ങൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ സംസ്ഥാന തല കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. കേരളാ ബ്രാൻഡിന് വേണ്ടി ലോഗോ ഡിസൈൻ ചെയ്തിട്ടുണ്ട്, പദ്ധതിയുടെ ലോഞ്ചിംഗ് 2024 ഫെബ്രുവരിയിൽ നിശ്ചയിച്ചിട്ടുണ്ട്.** |
| (ബി) | ഏതെല്ലാം ഉല്പന്നങ്ങൾക്ക് കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിൽ ഈ പദ്ധതി പ്രകാരം ഇത് വരെ ഒരു ഉല്പന്നത്തിനും കേരള ബ്രാൻഡ് നൽകിയിട്ടില്ല. മാനദണ്ഡങ്ങൾ പാലിച്ച് നിർമ്മിക്കുന്ന ഉല്പന്നങ്ങളിൽ വെളിച്ചെണ്ണയാണ് കേരളാ ബ്രാൻഡ് നൽകുന്നതിന് ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിരിക്കുന്നത്. പദ്ധതിയുടെ ലോഞ്ചിംഗിന് ശേഷം മാത്രമേ നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിക്കുന്ന സംരംഭങ്ങൾ/ ഉല്പന്നങ്ങൾക്ക് കേരള ബ്രാൻഡ് നൽകുന്നത് ആരംഭിക്കുകയുള്ളൂ. |
| (സി) | പ്രസ്തുത സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ? | (സി) | പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ നൽകുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള വെളിച്ചെണ്ണയ്ക്ക് കേരള ബ്രാൻഡ് നൽകുന്നതിനുള്ള മാനദണ്ഡ പ്രകാരം പൂർണമായും കേരളത്തിൽ നിന്നും സംഭരിക്കുന്ന നാളികേരം/ കൊപ്ര മാത്രം ഉപയോഗിച്ച് കൊണ്ട്, കേരളത്തിൽ തന്നെ നിർമ്മിക്കുന്നതായിരിക്കണം . വെളിച്ചെണ്ണ വിപണിയിൽ അംഗീകൃതമായ AGMARK, BIS 542, |

| | | | |
|---|---|---|---|
| | | | എന്നീ സർട്ടിഫിക്കേഷനുകളിൽ ഏതെങ്കിലും ഒന്നുള്ള, UDYAM റെജിസ്ട്രേഷൻ എടുത്തിട്ടുള്ള കേരളത്തിലെ വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റുകളെയാണ് കേരള ബ്രാൻഡ് നൽകുന്നതിനായി പരിഗണിക്കുക.<br><br>മറ്റു ഉത്പന്നങ്ങൾക്കോ സേവനങ്ങൾക്കോ കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ്(കൾ) നിർദ്ദേശിക്കുന്ന ഉൽപ്പന്നങ്ങൾ/സേവനങ്ങൾക്കായുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായ സംസ്ഥാന തല ഇന്റർ ഡിസിപ്ലിനറി കമ്മിറ്റി പരിശോധിച്ച് അംഗീകാരം നൽകും. കേരള ബ്രാൻഡിന് പരിഗണിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ/സേവനങ്ങൾ, വിപണിയിൽ നിലവിലുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നവ ആയിരിക്കണം. പ്രത്യേക ഗുണനിലവാര മാനദണ്ഡങ്ങൾ നിലവിൽ നിഷ്കർഷിക്കപ്പെടാത്ത ഉത്പന്നങ്ങളുടെ/സേവനങ്ങളുടെ കാര്യത്തിൽ, അനുയോജ്യമായ മാനദണ്ഡങ്ങൾ സംസ്ഥാനതല കമ്മിറ്റി നിർദ്ദേശിക്കും. മേൽ പറഞ്ഞ വ്യവസ്ഥകൾ കൂടാതെ, കേരള ബ്രാൻഡിന് അപേക്ഷിക്കുന്ന എല്ലാ യൂണിറ്റുകളും കേരള ബ്രാൻഡിന് കീഴിൽ വിഭാവനം ചെയ്തിട്ടുള്ള ഗുണനിലവാരം, ധാർമ്മികത, ഉത്തരവാദിത്ത വ്യവസായ സമ്പ്രദായങ്ങൾ എന്നിവയ്ക്ക് അനുസൃതമായി പ്രവർത്തിക്കുന്നവ ആയിരിക്കണം. ഇത് സംബന്ധിച്ച് നിർമ്മാതാക്കൾ അപേക്ഷയോടൊപ്പം ഒരു സെൽഫ്-ഡിക്ലറേഷൻ സമർപ്പിക്കുകയും താലൂക്കുതല സെലക്ഷൻ കമ്മിറ്റിയുടെ പ്രതിനിധി അത് നേരിട്ട് പരിശോധിച്ച് ഉറപ്പ് വരുത്തുകയും ചെയ്യും.<br>കേരള ബ്രാൻഡിനുള്ള അപേക്ഷകൾ ഒരു താലൂക്ക് തല സെലക്ഷൻ കമ്മിറ്റി പരിഗണിക്കുകയും അതാത് ഉൽപ്പന്നത്തിന്/സേവനത്തിനു സംസ്ഥാനതല കമ്മിറ്റി അംഗീകരിച്ചിട്ടുള്ള മാനദണ്ഡത്തെ അടിസ്ഥാനമാക്കി കേരള ബ്രാൻഡ് നൽകുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ